## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.432** **03.03.2020-ൽ മറുപടിക്ക് ഉണ്ടായിരുന്നത്**

### ജി.എസ്.ടി. നടപ്പാക്കിയശേഷം നികുതി ചോർച്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ.മാക്സി | | കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പാക്കിയശേഷം നികുതി ചോർച്ച സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയുടെതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പാക്കിയശേഷം 602.174 കോടി രൂപയുടെ നികുതി ചോർച്ച സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആയത് പിരിച്ചെടുക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും ഇതിൻപ്രകാരം എത്ര തുക ഇതുവരെ പിരിച്ചെടുക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ; | (ബി) | സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. മാസ റിട്ടേണുകൾ ഫയൽ ചെയ്യാത്ത വ്യാപാരികൾക്കെതിരെ മുൻഗണന നിശ്ചയിച്ച് അസസ്സ്മെന്റ് നടപടികൾ നടത്തിവരുന്നു.<br>2. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്കൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.<br>3. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ.3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധന വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.<br>4. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ)പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. GSTN തത്സമയമായ ഇ-വേ ബില്ല് ഡേറ്റ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു.<br>5. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>6. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പു വരുത്തുന്നു. സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയശേഷം 84.91 കോടി രൂപ പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. |

<table>
<tr>
<td>(സി)</td>
<td>ജി.എസ്.ടി നികുതി ചോർച്ച തടയുന്നതിന് ആവശ്യമായ മിനിമം സംവിധാനമെങ്കിലും കേന്ദ്ര സർക്കാർ ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംസ്ഥാനത്തെ ഏതു തരത്തിൽ ബാധിക്കുന്നുവെന്ന് വ്യക്തമാക്കുമോ;</td>
<td>(സി)</td>
<td>ജി.എസ്.ടി.എൻ. റിട്ടേൺസ് സംവിധാനം തയ്യാറാകും മുമ്പാണ് ജി.എസ്.ടി. നടപ്പിൽ വരുത്തിയത്. അതിന്റേതായ പ്രശ്നങ്ങൾ നികുതി സംവിധാനത്തെ ബാധിച്ചിട്ടുണ്ട്. എന്നാലും ഇ-വേ ബിൽ നടപ്പിലാക്കി. ബാങ്ക്, ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോസ് വെരിഫിക്കേഷൻ സാധ്യമാകും വിധം സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.</td>
</tr>
<tr>
<td>(ഡി)</td>
<td>സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി വരുമാനം ലഭ്യമായിട്ടുണ്ടോ എന്നും എത്ര ലഭ്യമാകേണ്ടതായിരുന്നുവെന്നും, അതിൽ നാളിതുവരെ എത്ര ലഭ്യമായി എന്നും വ്യക്തമാക്കുമോ?</td>
<td>(ഡി)</td>
<td>ജി.എസ്.ടി. നടപ്പിലാക്കിയതോടു കൂടി വരുമാനത്തിൽ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് വേണ്ടി ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് അനുസരിച്ച് താഴെ പറയുന്ന മാനദണ്ഡം ഉപയോഗിച്ച് കുറവു വരുന്ന തുക ജി.എസ്.ടി. കോമ്പൻസേഷൻ ആയി നൽകുന്നതാണ് എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.<br>ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിന് ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ 5 വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകും. നഷ്ടപരിഹാരം ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. 2015-16 ലെ കളക്ഷന്റെ 14 ശതമാനം വർദ്ധനവ് ഓരോ വർഷവും കണക്കാക്കിയാണ് സംരക്ഷിത റവന്യൂ നിശ്ചയിച്ചിരിക്കുന്നത്. 2017-18 മുതൽ 2019-20 വരെയുള്ള സംരക്ഷിത റവന്യൂ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>സംരക്ഷിത റവന്യൂ (തുക കോടിയിൽ)</th></tr>
<tr><td>2017-18 (ജൂലൈ 2017 മുതൽ മാർച്ച് 2018 വരെ)</td><td>16398</td></tr>
<tr><td>2018-19</td><td>24924</td></tr>
<tr><td>2019-20</td><td>28416</td></tr>
</table>
സംരക്ഷിത റവന്യൂവിൽ നിന്നും എസ്.ജി.എസ്.ടി കളക്ഷനും എസ്.ജി.എസ്.ടി അടയ്ക്കുവാനുപയോഗിച്ച</td>
</tr>
</table>

ഐ.ജി.എസ്.ടി ക്രഡിറ്റ് ഉൾപ്പെടെയുള്ള ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് തുകയും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള തുക ദ്വൈമാസമായി കോമ്പൻസേഷൻ ലഭിക്കുന്നു. 2019 സെപ്റ്റംബർ വരെയുള്ള കോമ്പൻസേഷൻ ലഭിച്ചു. 2019 ഒക്ടോബർ - നവംബർ മാസങ്ങളിലേയ്ക്ക് അർഹതപ്പെട്ട കോമ്പൻസേഷൻ തുകയായ 1510.76 കോടി രൂപയിൽ 854.04 കോടി രൂപ 2020 ഫെബ്രുവരി മാസത്തിൽ ലഭിച്ചു.

2017-18 മുതൽ 2019-20 വരെ ലഭിച്ച കോമ്പൻസേഷന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച കോമ്പൻസേഷൻ (തുക കോടിയിൽ) |
|---|---|
| 2017-18 | 2102 |
| 2018-19 | 3532 |
| 2019-20(30.11.2019 വരെ) | 4597.04 |

സെക്ഷൻ ഓഫീസർ